# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 916 03.12.2014 - ൽ മറുപടിക്ക്

## അടൂർ നിയോജക മണ്ഡലത്തിലെ പ്രധാന പാതകളുടെ വശത്തുള്ള ജലവിതരണ പൈപ്പുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | അടൂർ നിയോജക മണ്ഡലത്തിന്റെ പരിധിയിലുള്ള പ്രധാന പാതകളുടെ വശത്തുള്ള ജലവിതരണ പൈപ്പുകൾ നിരന്തരമായി പൊട്ടി ശുദ്ധജല വിതരണവും, ഗതാഗതവും സ്തംഭിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കാലഹരണപ്പെട്ട പ്രസ്തുത പൈപ്പുകൾ മാറ്റി ഡക്റ്റയിൽ അയൺ പൈപ്പുകൾ സ്ഥാപിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (ബി) & (സി) | അടൂർ ശുദ്ധജലവിതരണ പദ്ധതിയിൽ ഉൾപ്പെട്ട 300 എം.എം. എ.സി. വിതരണകുഴലുകൾ മാറ്റുന്നതിനും (കായംകുളം - പുനലൂർ റോഡ്) കൈപ്പട്ടൂർ പമ്പ് ഹൗസ് മുതൽ ചിരണിക്കൽ പ്ലാന്റുവരെ നിലവിലുള്ള 400 എം.എം. എ.സി.പൈപ്പുകൾ മാറ്റുന്നതിനുമുള്ള നിർദ്ദേശത്തിന്മേൽ ഭരണാനുമതി നൽകുന്നത് സർക്കാർ പരിഗണിച്ചു വരുന്നു. |
| (സി) | പുതിയ പൈപ്പുകൾ സമയബന്ധിതമായി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ